95468/G/12/TSm

**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം 1020

12.12.12 ൽ മറുപടിക്ക്

ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ശുചീകരണ പരിപാടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ..കെ.ടി. ജലീൽ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ പതിനാല് ജില്ലകളിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച ശുചീകരണ പരിപാടിക്കുവേണ്ടി ടൂറിസം വകുപ്പ് എന്ത് തുക ചെലവഴിക്കുകയുണ്ടായി; | എ) ഇതുവരെയായി 11,20,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പരിപാടിക്ക് ഭരണാനുമതി നൽകിയത് എന്ത് തുകയ്ക്കാണ്.; ഏത് ഏജൻസി വഴി എന്ത് തുക ഇതിനായി ചെലവഴിക്കാനാണുദ്ദേശിക്കുന്നത്.; ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിനുശേഷം ഇതേവരെ ഇതിനായി ഖജനാവിൽ നിന്നും എന്തു തുക ചെലവഴിച്ചു; | ബി) 57 ലക്ഷം രൂപയ്ക്ക്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ, ടൂറിസം വകുപ്പിന്റെ ജില്ലാ ഓഫീസുകൾ എന്നിവ മുഖാന്തിരമാണ് ഈ പരിപാടി സംഘടിപ്പിച്ചത്. ഇതിന്റെ പ്രചാരണത്തിനായി ടൂറിസം വകുപ്പിന്റെ എംപാനൽഡ് ഏജൻസിയായ വളപ്പില കമ്മ്യൂണിക്കേഷൻസ്, ഇൻവിസ് മൾട്ടിമീഡിയ എന്നിവയുടെയും സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈ പരിപാടിക്കായി നാളിതുവരെ 11,20,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) ഒക്ടോബർ 2 ന് രാവിലെ 9 മണിക്ക് കോവളത്ത് മുഖ്യമന്ത്രി നിർവ്വഹിച്ച സമഗ്ര വികസന പദ്ധതിയുടെയും ശുചീകരണ പരിപാടികളുടെയും സംസ്ഥാനതല ഉദ്ഘാടനത്തിന്റെ പരസ്യം ഏതെല്ലാം മാധ്യമങ്ങൾക്ക് നൽകുകയുണ്ടായി; ഇതിന്റെ മൊത്തം ചെലവ് എത്രയാണെന്നറിയിക്കുമോ? | സി) പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന കേരളത്തിലെ സി & ഡി കാറ്റഗറിയിൽപ്പെട്ട പത്ര മാധ്യമങ്ങൾക്കാണ് പരസ്യം നൽകിയിട്ടുള്ളത്. എല്ലാ പത്ര ങ്ങളുടെയും ബില്ലുകൾ ലഭിച്ചു കഴിഞ്ഞാൽ മാത്രമേ മൊത്തം ചെലവ് കണക്കാക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ